# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 8097</u> <u>17.07.2014 ൽ മറുപടിക്ക്</u>

## ആശുപത്രികളിലെ സ്റ്റാൻഡേർഡൈസേഷൻ മാനദണ്ഡങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. എൻ. എ. ഖാദർ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) എല്ലാ സർക്കാർ ജനറൽ ആശുപത്രികളും ജില്ലാ ആശുപത്രികളും താലൂക്ക് ആശുപത്രികളും മെഡിക്കൽ കോളേജുകളും സ്റ്റാൻഡേർ ഡൈസേഷൻ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോ; ഇല്ലായെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ; | (എ) എല്ലാ സർക്കാർ ജനറൽ ആശുപത്രികളിലും, ജില്ലാ ആശുപത്രികളിലും, താലൂക്ക് ആശുപത്രികളും, മെഡിക്കൽ കോളേജുകളിലും സ്റ്റാൻഡേർഡൈസേഷൻ മാനദണ്ഡങ്ങൾ പ്രകാരമുള്ള സൗകര്യങ്ങൾ നിലവിലില്ല. ആരോഗ്യവകുപ്പ് ഡയറക്ടറും മെഡിക്കൽ വിദ്യാഭ്യാസ ഡയക്ടറും നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും, അടിസ്ഥാനസൗകര്യങ്ങളുടെ ലഭ്യതയ്ക്കനുസരിച്ചും, സ്റ്റാൻഡേർഡൈസേഷൻ മാനദണ്ഡങ്ങൾക്കനുസൃതമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) എല്ലാ താലൂക്ക്, ജില്ലാ ജനറൽ ആശുപത്രികളിലും ട്രോമാകെയർ സേവന ലഭ്യമാണോ; ഇല്ലെങ്കിൽ ആയത് സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) എല്ലാ താലൂക്ക്, ജില്ലാ ജനറൽ ആശുപത്രികളിലും ട്രോമാകെയർ സേവനം ലഭ്യമല്ല. ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിന് കീഴിലുള്ള സ്ഥാപനങ്ങൾ ശക്തിപ്പെടുത്തൽ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ആശുപത്രികളിലെ ട്രോമാകെയർ സംവിധാനങ്ങൾ ശക്തിപ്പെടുത്താൻ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. ആയതിൻപ്രകാരം നടപ്പുസാമ്പത്തിക വർഷം 530 ലക്ഷം രൂപ ട്രോമാകെയർ സംവിധാനം ശക്തിപ്പെടുത്തുന്നതിന് വകയിരുത്തിയിട്ടുണ്ട്. കൂടാതെ ട്രോമാകെയർ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി റോഡ് സേഫ്റ്റി അതോറിറ്റിയും, വിഹിതം നൽകുന്നുണ്ട്. ഈ തുകകൾ ഉപയോഗിച്ച് ട്രോമാകെയർ സംവിധാനം സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചു പോരുന്നു. സംസ്ഥാനത്തെ ജില്ലാ, താലൂക്ക്, ജനറൽ ആശുപത്രികളിലും ട്രോമാകെയർ സംവിധാനം സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിക്കുന്നമുറയ്ക്ക് സർക്കാർ നടപടി സ്വീകരിച്ചുവരുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്തെ എല്ലാ താലൂക്ക് ആശുപത്രികളിലും അത്യാഹിത വിഭാഗം പൂർണ്ണ സജ്ജമായി പ്രവർത്തിക്കുന്നുണ്ടോ; ഇല്ലായെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ; | (സി) | സംസ്ഥാനത്തെ 31 താലൂക്ക് ആശുപത്രികളിൽ പൂർണ്ണ സജ്ജമായ അത്യാഹിത വിഭാഗം പ്രവർത്തിക്കുന്നില്ല. പ്രസ്തുത ആശുപത്രികളിൽ ടി സേവനം ലഭ്യമാക്കുന്നതിലേക്കായി ഡോക്ടർമാരുടെ തസ്തിക പുനർവിന്യാസം മുഖേനയും സൃഷ്ടിച്ചും പ്രാവർത്തികമാക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്. |
| (ഡി) | എല്ലാ താലൂക്ക്, ജില്ലാ ജനറൽ ആശുപത്രികളിലും ലബോറട്ടറി, ഫാർമസി, ബ്ലഡ് ബാങ്ക്, എക്സ്-റേ, ഇ.സി.ജി. മുതലായ സേവനങ്ങൾ എല്ലാ ദിവസവും 24 മണിക്കൂറും പ്രവർത്തിക്കുന്ന രീതിയിൽ സജ്ജമാക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | അടിസ്ഥാനസൗകര്യവും, അധിക തസ്തികകളും ഏർപ്പെടുത്തുന്ന മുറയ്ക്ക് മാത്രമേ ഇക്കാര്യം നടപ്പിലാക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ